# ഇവരെ ക്രൂശിക്കരുതേ...

കേരളീയം ലക്കം 50ൽ പ്രസിദ്ധീകരിച്ച സുഖപ്രസവത്തെ കുറിച്ചുള്ള കുറിപ്പ് അനുചിതമായിപ്പോയി എന്നു സൂചിപ്പിച്ച കത്ത് ശ്രദ്ധിച്ചു.പ്രസവം ഒരു രോഗമായി അവതരിപ്പിച്ച് ഗർഭിണിക്ക് ആ കാലം മുഴുവൻ ഒരു മഹാരോഗിയെപ്പോലെ പരിഗണനയും കൊടുക്കുന്ന ഇന്നത്തെ സാമൂഹ്യാന്തരീക്ഷത്തിൽ പ്രസവം ഒരു റിസ്കല്ലെന്ന് സ്വാനുഭവത്തിലൂടെ വെളിപ്പെടുത്തിയ ദമ്പതികൾക്ക് കൊടുത്ത വാർത്താപ്രാധാന്യം എങ്ങനെയാണ് അനുചിതമാകുന്നതെന്ന് മനസ്സിലാകുന്നില്ല.കടുത്ത ജീവിതചര്യകൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വേവിക്കാത്ത പച്ചക്കറികൾ തിന്നുന്നതാണോ? സ്കാനിംഗും, പ്രതിരോധ കുത്തിവെപ്പുകൾ എന്ന പേരിലുള്ള വിഷപ്രയോഗവും അടക്കമുള്ള ആധുനികപ്രസവചികിത്സയാണ് കടുത്ത ജീവിതചര്യകൾ എന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇംഗ്ലീഷ് മരുന്നുകാരന്റെ കുപ്രചരണങ്ങളിലും, കുതന്ത്രങ്ങളിലും വീഴാതെ സ്വാശ്രയശീലങ്ങളിൽ ജീവിച്ച് സമരം ചെയ്യുന്നവർക്ക് അർഹിക്കുന്ന വാർത്താപ്രാധാന്യം കൊടുക്കുന്നത് അവരുടെ ആത്മവിശ്വാസം വളർത്തുന്നതിന് സഹായിക്കും. അവരെ പരിചയപ്പെടുത്തുന്ന കേരളീയത്തിന് അഭിനന്ദനങ്ങൾ.

കരീം. കെ. പുരം,ടി.എം. സൂഫിയ, കുഴിക്കണ്ടത്തിൽ